## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2235** **16/08/2017-ൽ മറുപടിയ്ക്ക്**

# കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണം ഏത് ആക്റ്റ് പ്രകാരമാണ് നടപ്പിലാക്കുകയെന്നും ഇതിനായി പുതുതായി നിയമ നിർമ്മാണം വേണ്ടി വരുമോയെന്നും വിശദമാക്കാമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരണം, കേരള സഹകരണ സംഘം നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പാക്കാമെന്നാണ് കരുതുന്നത്. |
| (ബി) | പ്രസ്തുത ബാങ്ക് രൂപീകരിക്കുമ്പോൾ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള കേരള സഹകരണ നിയമപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്ക് ഭരണ സമിതിയിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് ഭരണ സമിതിയിൽ സംവരണം നൽകുന്നതിനുള്ള നിയമവ്യവസ്ഥ കേരള സഹകരണ നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യങ്ങൾ യഥാസമയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ